# പതിനഞ്ചാം കേരള നിയമസഭ
# രണ്ടാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

09-08-2021

## (11) സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നത് സംബന്ധിച്ച്

2021 ആഗസ്റ്റ് 9-ാം തീയതി സബ്മിഷനുശേഷം, നിയമസഭാ സമിതി റിപ്പോർട്ടുകളിലെ പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിൽ ഒരു മണിക്കൂർ നീക്കിവയ്ക്കാൻ നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ചൂണ്ടിക്കാണിച്ചു.

നിയമസഭാ ചട്ടം 205 B പ്രകാരം നിയമസഭാ സമിതികൾ തയ്യാറാക്കുന്ന പ്രധാനപ്പെട്ട റിപ്പോർട്ടുകളെങ്കിലും സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണെങ്കിലും സമയപരിമിതിമൂലം പലപ്പോഴും ചർച്ച നടത്താറില്ല. ബന്ധപ്പെട്ട വകുപ്പുകൾ റിപ്പോർട്ടുകൾ പരിശോധിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കാറുണ്ടെങ്കിലും സഭയിൽ ചർച്ച ചെയ്യുകയാണെങ്കിൽ കുറച്ചുകൂടി ഗുണകരമാകുമെന്നതിനാൽ പ്രധാനപ്പെട്ട വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യണമെന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായമെന്നും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 B പ്രകാരം സഭാസമിതികളുടെ റിപ്പോർട്ടിലെ പൊതുപ്രാധാന്യമുള്ള വിഷയങ്ങളിന്മേൽ ചർച്ച ചെയ്യുന്നതിന് ആഴ്ചയിലൊരു ദിവസം ഒരു മണിക്കൂർ നീക്കിവയ്ക്കാവുന്നതിൽ ഗവൺമെന്റിന് അനുകൂല നിലപാടാണുള്ളത്. സഭയുടെ നടപടിക്രമങ്ങളിൽ കാലികമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിനായി രൂപീകരിക്കപ്പെട്ട അഡ്ഹോക് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സമിതി റിപ്പോർട്ടുകൾ സഭയിൽ ചർച്ച ചെയ്യുന്നതിനായി സഭാ നടപടിചട്ടങ്ങളിൽ ഒരു പുതിയ വ്യവസ്ഥ, ചട്ടം 205 B ആയി നിലവിൽ വന്നെങ്കിലും രണ്ട് റിപ്പോർട്ടുകൾ മാത്രമേ സഭയിൽ ചർച്ച ചെയ്യാൻ അവസരം ലഭിച്ചിട്ടുള്ളൂ. സഭാ ദിനങ്ങളുടെ എണ്ണം പരിമിതപ്പെട്ടതും സഭയിൽ നിർവ്വഹിക്കപ്പെടേണ്ട ഗവൺമെന്റ് ബിസിനസ്സുകൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടിവന്നതും കാരണമാണ് ഇക്കാര്യത്തിനായി വേണ്ടത്ര സമയം കണ്ടെത്താൻ കഴിയാതിരുന്നത്. ഇക്കാര്യത്തിൽ കൂടുതൽ സമയം ലഭ്യമാകത്തക്ക വിധത്തിൽ ഇനിവരുന്ന സഭാ സമ്മേളനങ്ങളുടെ കാര്യപരിപാടികൾ ക്രമപ്പെടുത്താൻ യോജിപ്പോടുകൂടിയുള്ള നീക്കം ഉണ്ടാകേണ്ടതുണ്ട്.